**കേരള സർക്കാർ**

**സംഗ്രഹം**

വിനോദ സഞ്ചാര വകുപ്പ് - സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ - സെന്റർ ഫോർ പെർഫോമിംഗ് ആർട്ട്സ്, വർക്കല - രണ്ട് ഏക്കർ സ്ഥലം - ഉപയോഗാനുമതിക്കായി തത്വത്തിൽ അംഗീകാരം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ടൂറിസം (എ) വകുപ്പ്**

സ.ഉ.(കൈ) നം:103/2013/ടൂറിസം തീയതി, തിരുവനന്തപുരം:10-04-2013

പരാമർശം:-
1. സ.ഉ.(കൈ).നം.53/11/Plg., തീയതി 15/10/2011.
2. സ.ഉ.(കൈ).19/12/Plg, തീയതി 27/04/2012.
3. ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18/12/2012-ന് കൂടിയ യോഗത്തിന്റെ മിനിട്സ്.
4. വിനോദസഞ്ചാരവകുപ്പ് ഡയറക്ടറുടെ 11/03/2013 തീയതിയിലെ എച്ച്.എ.1/1590/2013 നമ്പർ കത്ത്.

**ഉത്തരവ്**

വർക്കലയുടെ സമഗ്രവികസനത്തിനായി പരാമർശം 1, 2 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 1956-ലെ കമ്പനീസ് ആക്ട് അനുസരിച്ച് പൂർണമായും സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിരുന്നു. പരാമർശം 3-ലെ യോഗ തീരുമാനപ്രകാരം വർക്കലയിൽ സെന്റർ ഫോർ പെർഫോർമിംഗ് ആർട്ട്സ് സ്ഥാപിക്കുന്നതിന്റെ ഒന്നാം ഘട്ട പ്രവർത്തനങ്ങൾക്ക് ആവശ്യമായ രണ്ട് ഏക്കർ സ്ഥലം വിനോദസഞ്ചാര വകുപ്പിൽ നിന്നും അനുവദിക്കുന്നതിനും ശേഷമുള്ള ഇതിന്റെ പ്രവർത്തനങ്ങൾക്കായി വിനോദസഞ്ചാര വകുപ്പിന്റെ കൈവശം ഉള്ള സ്ഥലം മുൻകൂട്ടി കരുതിവെയ്ക്കുന്നതിനും ആവശ്യാനുസരണം ലഭ്യമാക്കുന്നതിനും തീരുമാനിച്ചിരുന്നു.

പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, സെന്റർ ഫോർ പെർഫോർമിംഗ് ആർട്ട്സ് എന്ന പദ്ധതിയ്ക്ക് വിനോദസഞ്ചാരവകുപ്പിന്റെ ഉടമസ്ഥതയിലുള്ള വർക്കല ഗസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ നിന്നും രണ്ട് ഏക്കർ സ്ഥലത്തിന് ഉപയോഗാനുമതി നല്കാവുന്നതാണെന്ന് വിനോദസഞ്ചാരവകുപ്പ് ഡയറക്ടർ പരാമർശം 4 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, വർക്കലയുടെ സമഗ്രവികസനത്തിനായി നടപ്പാക്കുന്ന സെന്റർ ഫോർ പെർഫോർമിംഗ് ആർട്ട്സ് എന്ന പ്രോജക്ടിനുവേണ്ടി തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ, വർക്കല വില്ലേജിൽ സർവ്വേ നമ്പർ 538-ൽ പ്പെട്ട വിനോദ സഞ്ചാരവകുപ്പിന്റെ ഉടമസ്ഥതയിലുള്ള വർക്കല ഗസ്റ്റ് ഹൗസ് കോമ്പൗണ്ടിലെ രണ്ട് ഏക്കർ സ്ഥലം സെന്റർ ഫോർ പെർഫോമിംഗ് ആർട്ട്സ് എന്ന പദ്ധതിക്കുവേണ്ടി വർക്കല സ്പെഷ്യൽ പർപ്പസ് വെഹിക്കിളിന് ഉപയോഗാനുമതിക്കായി തത്വത്തിൽ അംഗീകാരം നല്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിന് അനുയോജ്യമായ സ്ഥലം വർക്കല ഗസ്റ്റ് ഹൗസ് കോമ്പൗണ്ടിൽ നിന്നും കണ്ടെത്തി നല്കുന്നതിന് ടൂറിസം വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവ് പ്രകാരം

ശരത്ചന്ദ്രൻ.സി.എസ്.
അണ്ടർ സെക്രട്ടറി

ഡയറക്ടർ, ടൂറിസം വകുപ്പ്, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ, വർക്കല.
ഫിനാൻസ് ഡിപ്പാർട്ട്മെന്റ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ.
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ